## കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2395 13.02.2013-ൽ മറുപടിയ്ക്ക്**

**പതിനാലാം ധനകാര്യ കമ്മീഷനും കേന്ദ്ര വിഹിതവും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.എ.ബേബി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.വി.ചെന്താമരാക്ഷൻ** | **ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ)പതിനാലാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | പതിനാലാം ധനകാര്യകമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ മുഖ്യമായവ ചുവടെ ചേർക്കുന്നു.<br>• ഭരണഘടനയുടെ 270-ാം ആർട്ടിക്കിൾ പ്രകാരം കേന്ദ്രവും സംസ്ഥാനവും തമ്മിൽ വിഭജിക്കേണ്ടതോ വിഭജിക്കാവുന്നതോ ആയ തനി നികുതി വരുമാനത്തിന്റെ വിഭജനവും ടി വരുമാനത്തിന്റെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം തിട്ടപ്പെടുത്തലും;<br>• ഭരണഘടനയുടെ 275-ാം ആർട്ടിക്കിൾ ഒന്നാം ഖണ്ഡികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾക്കല്ലാതെ സഹായധനം ആവശ്യമുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിന്റെ സഞ്ചിത നിധിയിൽ നിന്നും സഹായധനം നിശ്ചയിക്കാനുള്ള മാനദണ്ഡങ്ങളും; ലഭിക്കാൻ അർഹമായ തുകയും;<br>• സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വിഭവശേഷി മെച്ചപ്പെടുത്തുന്നതിലേയ്ക്കായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ. |

| | |
|---|---|
| | 2. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത fiscal consolidation roadmap കണക്കിലെടുത്തുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസ്ഥിതി, കമ്മി, വായ്പ എന്നിവയുടെ പരിധി പുനഃപരിശോധിക്കുക; ധന ഉത്തരവാദിത്വ നിയമം ഭേദഗതി ചെയ്യുന്നത് ഉൾപ്പെടെയുള്ള, സന്തുലിത വളർച്ചയ്ക്ക് യോജിച്ച സുസ്ഥിരമായ ധന അന്തരീക്ഷം നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ ശുപാർശ ചെയ്യുക; ഇപ്രകാരം ചെയ്യുമ്പോൾ മൂലധന ആസ്തികളുടെ നിർമ്മാണത്തിനു വേണ്ടിയുള്ള ഗ്രാന്റുകളുടെ വരവും ചെലവും കമ്മിയിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പരിഗണിക്കാവുന്നതാണ്; ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ പാലിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് നൽകേണ്ട പ്രോത്സാഹനങ്ങൾ സംബന്ധിച്ച് ശുപാർശ ചെയ്യുക.<br>3. കമ്മീഷൻ അതിന്റെ ശുപാർശകൾ നടത്തുമ്പോൾ മറ്റു പരിഗണനകൾക്കൊപ്പം താഴെപ്പറയുന്ന കാര്യങ്ങളും കണക്കിലെടുക്കേണ്ടതാണ്.<br>• 2014-15 അവസാനത്തോടെ ലഭ്യമായേക്കാവുന്ന നികുതി നികുതിയിതര വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2015 ഏപ്രിൽ 1 മുതൽ അഞ്ച് വർഷത്തേക്കുള്ള കേന്ദ്ര സർക്കാരിന്റെ വിഭവ ശേഷി.<br>• കേന്ദ്ര ഗവൺമെന്റിന്റെ വിഭവ ശേഷിയിന്മേൽ വരുന്ന ബാധ്യതകൾ- പ്രത്യേകിച്ചും കേന്ദ്ര-സംസ്ഥാന |

| | |
|---|---|
| | പദ്ധതികൾക്കുള്ള ബജറ്റ് സഹായം, പൊതുഭരണം, രാജ്യരക്ഷ, അതിർത്തി സംരക്ഷണം എന്നീ ചെലവുകളും, കടം തിരിച്ചടക്കലും, മറ്റു നിർബന്ധ ചെലവിനങ്ങളും.<br>• 2014-15 അവസാനത്തോടെ ലഭ്യമായേക്കാവുന്ന നികുതി നികുതിയിതര വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2015 ഏപ്രിൽ 1 മുതൽ അഞ്ച് വർഷത്തേക്കുള്ള സംസ്ഥാന സർക്കാരുകളുടെ വിഭവശേഷി.<br>• കേന്ദ്രത്തിന്റെയും എല്ലാ സംസ്ഥാനങ്ങളുടെയും വരവും ചെലവും തുലനം ചെയ്യുക എന്ന ലക്ഷ്യത്തിനു പുറമേ മൂലധന നിക്ഷേപത്തിന് അധിക വിഭവം കണ്ടെത്തുക.<br>• കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും നികുതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള പരിശ്രമങ്ങളും കേന്ദ്രത്തിന്റെ ടാക്സ് ജി.ഡി.പി. അനുപാതവും സംസ്ഥാനങ്ങളുടെ ടാക്സ് ജി.എസ്.ഡി.പി. അനുപാതവും മെച്ചപ്പെടുത്തുവാനുള്ള അധിക വിഭവ സമാഹരണ ശേഷി.<br>• സുസ്ഥിരവും എല്ലാപേരെയും ഉൾക്കൊള്ളുന്ന വളർച്ച എന്ന ആവശ്യം കണക്കിലെടുത്തുകൊണ്ട്, സബ്സിഡികളുടെ പരിധി നിശ്ചയിച്ച്, അത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി വീതം വയ്ക്കുക.<br>• 31.03.2015-ൽ പദ്ധതി ചെലവുകളുടെ പൂർത്തീകരിക്കുന്ന മൂലധന ആസ്തികൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ ശമ്പളേതര |

| | |
|---|---|
| | ചെലവുകളും മൂലധന ആസ്തികൾ സംരക്ഷിക്കുന്നതിനാവശ്യമായ നിശ്ചിത തുക ശുപാർശ ചെയ്യേണ്ട മാനദണ്ഡങ്ങളും അത്തരം ചെലവിനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന രീതികളും.<br>• പൊതു ഉപയോഗ സേവനങ്ങളായ കുടിവെള്ളം, ജലസേചനം, വൈദ്യുതി, പൊതുഗതാഗതം എന്നിവയുടെ വില നിയമ സംവിധാനങ്ങളിലൂടെ നയപരമായ വ്യതിയാനങ്ങളിൽ നിന്നും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത.<br>• പൊതുമേഖലാ സ്ഥാപനങ്ങൾ മത്സരക്ഷമവും കമ്പോളാതിഷ്ഠിതവും ആക്കുക, കമ്പനിവൽക്കരിക്കൽ, ഓഹരി വിറ്റഴിക്കൽ, മുൻഗണനയില്ലാത്ത സ്ഥാപനങ്ങൾ നിർത്തലാക്കുക തുടങ്ങിയവയുടെ ആവശ്യകത.<br>• സുസ്ഥിരമായ സാമ്പത്തിക വികസനത്തിനോടൊപ്പം ആവാസവ്യവസ്ഥ, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പരിപാലനത്തിന്റെ ആവശ്യകത.<br>• നിർദ്ദിഷ്ട ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ (ഗുഡ്സ് ആന്റ് സർവ്വീസസ്സ് ടാക്സ്) കേന്ദ്ര സംസ്ഥാന ധനകാര്യ സ്ഥിതിയിൽ ഉണ്ടാക്കുന്ന സ്വാധീനവും റവന്യൂ നഷ്ടമുണ്ടാകുന്നുവെങ്കിൽ അത് പരിഹരിക്കുന്നതിന് ഉചിതമായ സംവിധാനവും.<br>4. നികുതികളുടെയും ഗ്രാന്റുകളുടെയും വിഭജനം നിശ്ചയിക്കുന്നതിന് ജനസംഖ്യ ഘടകമായി വരുന്ന എല്ലാ കാര്യങ്ങളിലും |

| | |
|---|---|
| | 1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കേണ്ടതാണ്. എങ്കിലും 1971ന് ശേഷം സംഭവിച്ചിട്ടുള്ള ജനസംഖ്യാപരമായ മാറ്റങ്ങളും കൂടി കണക്കിലെടുക്കേണ്ടതാണ്.<br>5. നിലവിലുള്ള Public Expenditure Management സംവിധാനങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ ശുപാർശ ചെയ്യുക.<br>6. 2005 (53 ഓഫ് 2005)-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന് ഊന്നൽ നൽകിക്കൊണ്ട് ദുരന്ത നിവാരണ മാനേജ്മെന്റിന് ധനം ലഭ്യമാക്കുന്നതിനുള്ള ഇപ്പോഴത്തെ ക്രമീകരണങ്ങൾ വിലയിരുത്തിക്കൊണ്ട് ഉചിതമായ ശുപാർശകൾ നടത്തുകയും ചെയ്യുക. |
| (ബി) സംസ്ഥാനം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നേരത്തെ കൈവരിച്ച നേട്ടങ്ങൾ കാരണം പലപ്പോഴും അർഹമായ കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (സി)മുൻധനകാര്യ കമ്മീഷനുകളിൽ നിന്നും അർഹമായ വിഹിതം സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പതിനാലാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വെക്കാൻ ഉദ്ദേശിക്കുന്നത്; | പതിനാലാം ധനകാര്യ കമ്മീഷൻ മുൻപാകെ സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് വേണ്ടി 01.11.2012 ലെ സർക്കാർ ഉത്തരവ് നമ്പർ 9263/2012/ധന പ്രകാരം ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മെമ്മോറാണ്ടം ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം ഉറപ്പു വരുത്തുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ മുൻപാകെ |

| | |
|---|---|
| (ഡി) പതിനാലാം ധനകാര്യ കമ്മീഷനെ നിയമിച്ച സാഹ ചര്യത്തിൽ സംസ്ഥാനം എന്തൊക്കെ മുന്നൊരുക്കങ്ങ ളാണ് നടത്തിയിട്ടുള്ളത്; | ഉന്നയിക്കേണ്ട ആവശ്യങ്ങൾ പ്രസ്തുത കമ്മിറ്റി പരിശോധിച്ചു വരുന്നു. 02.01.2013 ൽ പ്രസ്തുത കമ്മിറ്റിയുടെ ആദ്യ യോഗം കൂടിയിരുന്നു. |

അക്കൗണ്ട്സ് ഓഫീസർ